# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3019 15.02.2013-ന് മറുപടിയ്ക്ക്

### വില്ലേജ് ഓഫീസുകളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.തിലോത്തമൻ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) വില്ലേജ് ഓഫീസർമാരുടെ പദവി ഉയർത്തുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ;<br><br>(ബി) ജോലിഭാരം കണക്കിലെടുത്ത് 9-ാം ശമ്പള കമ്മീഷൻ ശുപാർശ ചെയ്ത വില്ലേജ് അസിസ്റ്റന്റുമാരുടെ ഓരോ അധിക തസ്തിക എല്ലാ വില്ലേജ് ഓഫീസുകളിലും സൃഷ്ടിച്ച് അടിയന്തിര നിയമനം നടത്തുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ ; | (എ) യും (ബി) യും പരിശോധിച്ചുവരുന്നു. |
| (സി) വില്ലേജ് ഓഫീസുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് പറയാമോ; | (സി) വില്ലേജ് ഓഫീസുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി, സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി, പൗരന് വില്ലേജോഫീസിൽ നിന്നുളള സേവനങ്ങൾ വേഗത്തിൽ ഏത് സമയത്തും, എവിടെവച്ചും ലഭിക്കുന്നതിന് ഇ-ഗവേണൻസിന്റെ സഹായത്തോടെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| (ഡി) പൊതുജനങ്ങൾക്ക് റവന്യൂ ഓഫീസുകളിൽ നിന്നും ലഭിക്കുന്ന സേവനങ്ങളുടെ സ്വഭാവവും, വൈവിധ്യങ്ങളും അളവുകളും വർദ്ധിക്കുകയും നിലവിലുള്ള ഓഫീസ് സംവിധാനങ്ങൾ അപര്യാപ്തവും ജീവനക്കാർക്ക് ജോലിഭാരം താങ്ങാവുന്നതിനപ്പുറവുമായ സ്ഥിതിക്ക് സർവ്വീസ് സംഘടനകളുടെയും റവന്യൂ വകുപ്പ് സംഘടനകളുടെയും പ്രതിനിധികളുമായി സർക്കാർ ചർച്ച നടത്തി ഒരു പരിഹാരം ഉണ്ടാക്കുവാൻ ശ്രമിക്കുമോ ? | (ഡി) ഇക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ